LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ആഗസ്റ്റ് 1, തിങ്കൾ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 2005 ആഗസ്റ്റ് മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 392

പൊതുവിതരണവും കേന്ദ്രസർക്കാർ നിലപാടും

*1 [392] *ശ്രീ. കെ. ബി. ഗണേഷ്കുമാർ:*

„ *ജോണി നെല്ലൂർ:*

„ *ടി. എം. ജേക്കബ്:*

„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിന് ഗുണകരമല്ലാത്ത എന്തെങ്കിലും നടപടികൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ;

GPM. 2/587/2012.—2

(ബി) എങ്കിൽ ഇവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഇവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) കേരളത്തിലെ പൊതു വിതരണരംഗം കൂടുതൽ ശക്തമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ,

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട താഴെപ്പറയുന്ന നടപടികൾ പൊതുവിതരണ രംഗത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

1. 2001 ഫെബ്രുവരി മുതൽ റേഷൻ പഞ്ചസാര ബി.പി.എൽ. വിഭാഗത്തിനു മാത്രമായി നിജപ്പെടുത്തി.
2. മണ്ണെണ്ണയുടെ അലോട്ടുമെന്റിൽ 2001-2002 മുതൽ വർഷംതോറും കുറവുവരുത്തി.
3. എ.പി.എൽ. കാർഡുടമകൾക്കുള്ള ഭക്ഷ്യ സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചു.
4. ബി.പി.എൽ. കാർഡുടമകളുടെ എണ്ണം ഏകപക്ഷീയമായി ക്ലിപ്തപ്പെടുത്തി.
5. ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് സംഭരിക്കുന്നതിനുള്ള സ്പ്ലിറ്റ് റേറ്റ് സമ്പ്രദായം നിർത്തലാക്കി.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല.

(ഇ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6,389,848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നല്കി.
2. വീട്ടുനമ്പർ ഇല്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി.

LIBRARY ARCHIVES Kerala Legislative Assembly

3. അന്ത്യോദയ, അന്നയോജന പദ്ധതിയിൽ 114,400 കുടുംബങ്ങളെക്കൂടി ചേർത്ത് രണ്ടാം ഘട്ട വിപുലീകരണം പൂർത്തിയാക്കി. കൂടാതെ ഈ പദ്ധതിയിൽ 124,000 കുടുംബങ്ങളെക്കൂടി ചേർത്ത് വിപുലീകരണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. ബി.പി.എൽ. കാർഡുടമകൾക്ക് ബി.പി.എൽ. നിരക്കിൽ ഗോതമ്പുകൂടി ലഭ്യമാക്കി.

5. റേഷൻകടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻകടകളിൽ പ്രദർശിപ്പിക്കണമെന്ന നിയമവും കർശനമായി നടപ്പാക്കി.

6. സർക്കാരിന്റെ ശക്തമായ ഇടപെടൽ കാരണം എഫ്.സി.ഐ. യുടെ എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പു വരുത്തി.

7. അരിയുടെ ഗുണനിലവാരം ഉയർത്തി. ബി.പി.എൽ./എ.എ.വൈ. അരിയുടെ ചെലവ് നൂറു ശതമാനമാക്കുവാൻ കഴിഞ്ഞു.

8. സർക്കാരിന്റെ ഭരണ നവീകരണ പരിപാടിയിലെ ഒരിനമായ സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിനേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിലും നിലവിൽ വരുന്നതോടുകൂടി ഈ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് സമീപിക്കുന്ന പൊതു ജനങ്ങൾക്ക് കാലതാമസം കൂടാതെ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാധിക്കും.

9. പൊതുവിതരണ സമ്പ്രദായത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐ.എം.ജി. യെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു അനുകൂലമായ നടപടിയും ഇത്തരത്തിൽ ഉണ്ടായിട്ടില്ല എന്നാണ് അങ്ങ് ഉത്തരത്തിൽ പറഞ്ഞത്. വളരെ വ്യക്തമായി അങ്ങ് പറഞ്ഞിരിക്കുകയാണ്. അത്തരത്തിൽ ഒരു നടപടി ഉണ്ടായില്ല എന്ന് അങ്ങേക്കറിയാമല്ലോ. പത്തു വർഷം മുമ്പ് തയ്യാറാക്കിയ ബി.പി.എൽ., എ.പി.എൽ. ലിസ്റ്റിൽ വലിയ ക്രമക്കേടുണ്ടെന്ന് അങ്ങേക്ക് അറിയാം. അതിന് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഉദാഹരണം, ആദിവാസികൾ താമസിക്കുന്ന അങ്ങയുടേയും എന്റേയും നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിൽ ഒരു നേരത്തെ ഭക്ഷണത്തിനുപോലും നിവൃത്തിയില്ലാത്ത ആദിവാസികളെ എ.പി.എൽ.-ൽ ആക്കിയിരിക്കുകയാണ്. അവർക്ക് അതുകൊണ്ടുള്ള കുഴപ്പം എന്താണെന്നുവച്ചാൽ ഒരു ഗവൺമെന്റ് ആശുപത്രിയിൽ ചെന്നാൽ, തിരുവനന്തപുരത്ത് ഒരു ചികിത്സയ്ക്കു വന്നാൽ അല്ലെങ്കിൽ മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കു വന്നാൽ അവരുടെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കാണിക്കുവാൻ ഈ റേഷൻ കാർഡ് കാണിച്ചു പോയെങ്കിൽ പിന്നെ അവരുടെ കാര്യം തീർന്നു. വളരെ ക്രമക്കേടുള്ള ഈ പ്രശ്നം പരിഹരിക്കുന്നതിന്, അതുപോലെതന്നെ റേഷൻകടകളിൽ വിതരണം ചെയ്യുന്ന, അങ്ങ് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്, സംസ്ഥാനത്ത് നിലവിലുള്ള, ബി.പി.എൽ.-ൽ ഉള്ള എല്ലാവർക്കും അരി, റേഷൻ പഞ്ചസാര എന്നിവയുടെ അളവ് കുറച്ചെന്നു പറഞ്ഞു. മറ്റൊരു വാർത്ത കേൾക്കുന്നത് മണ്ണെണ്ണ കുറയ്ക്കുവാൻ പോകുന്നുവെന്നാണ്. ഇത് ഇങ്ങനെ കുറയ്ക്കുകയാണെന്നുണ്ടെങ്കിൽ റേഷൻ കടയിൽനിന്നും സാധാരണക്കാരന് യാതൊരു ഗുണവും ഇല്ലാത്ത അവസ്ഥ വരും. അത് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ഒന്നും ചെയ്തിട്ടില്ലെന്ന് അങ്ങ് പറയുന്നു. അങ്ങയുടെ ഇപ്പോഴത്തെ സ്വാധീനംവച്ച് അങ്ങേക്ക് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ, ഇതുപോലെ റേഷൻകടകളിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണ ബി.പി.എൽ. ലിസ്റ്റിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള നടപടിയിൽനിന്ന് അവരെ പിന്തിരിപ്പിക്കുവാൻ അങ്ങേക്ക് കഴിയുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ കണക്കനുസരിച്ച് 1,554,000 കുടുംബങ്ങളെയാണ് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നമ്മുടെ സംസ്ഥാന സർക്കാരിന്റെ കണക്കു പ്രകാരം 2,042,000 കുടുംബങ്ങളാണുള്ളത്. കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയ 1,554,000 എന്നുള്ളത് സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ചുകൊണ്ട് എടുത്ത തീരുമാനമല്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിൽ എവിടേയും ഈ പരാതികൾ ഇപ്പോൾ നിലനില്ക്കുന്നുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച കുടുംബങ്ങളെ കൂടാതെതന്നെ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന ലിസ്റ്റിൽപ്പെട്ട മുഴുവൻ അംഗങ്ങളേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ച് കിട്ടണമെന്ന ആവശ്യം നിരന്തരമായി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു കാര്യം പഞ്ചസാരയുടെ ലഭ്യത എ.പി.എൽ. വിഭാഗത്തിന് ഇപ്പോൾ നല്കുന്നില്ല എന്നുള്ളതാണ്. റേഷൻ കടകളിലൂടെ കുറഞ്ഞ വിലയ്ക്ക് പഞ്ചസാര നല്കപ്പെടുന്നില്ല. അതുപോലെ ഇപ്പോൾ മണ്ണെണ്ണയുടെ കാര്യം അദ്ദേഹം ഇവിടെ ശ്രദ്ധയിൽ കൊണ്ടുവന്ന പ്രധാനപ്പെട്ട ഒരു കാര്യമാണ്. കഴിഞ്ഞ ദിവസംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമന്ത്രി ശ്രീ. മണി ശങ്കർ അയ്യർ വിളിച്ചുകൂട്ടിയ യോഗത്തിൽ ഞാൻ പങ്കെടുത്തതാണ്. ആ യോഗത്തിൽ എ.പി.എൽ., ബി.പി.എൽ. എന്ന് വേർതിരിവ് ഇല്ലാതെതന്നെ മണ്ണെണ്ണയുടെ ലഭ്യത എല്ലാവർക്കും ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ബി.പി.എൽ. ലിസ്റ്റിലുള്ള ആളുകൾക്ക്, ബി.പി.എൽ. കാർഡ് നല്കുവാൻ കഴിയുന്നില്ല. മാത്രമല്ല ഇതിനകത്ത് പ്രധാനപ്പെട്ട ഒരു വിഷയമുള്ളത് ബി.പി.എൽ. കാർഡ് വിതരണം ചെയ്യുന്നത് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ആണെങ്കിൽപ്പോലും ഇതിന് ആളുകളെ തെരഞ്ഞെടുക്കുന്നത് നമ്മുടെ ഗ്രാമസഭകളാണ്. ഗ്രാമസഭകൾ തെരഞ്ഞെടുത്ത ലിസ്റ്റാണ് സംസ്ഥാന ഗവൺമെൻറിനുവേണ്ടി സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് റേഷൻ കാർഡുകളിൽ അച്ചടിച്ചു കൊടുക്കുന്നത്. പരാതികൾ പരിഹരിക്കുന്നതിന് നടപടി എടുത്ത് വരികയാണ്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, ഈ പ്രശ്നം പരിഹരിക്കുന്നതിന് അങ്ങു പറഞ്ഞ ആശയം നല്ലതാണ്. പക്ഷേ ഗ്രാമസഭകളിൽ ഇത് തെരഞ്ഞെടുത്തത് എങ്ങനെയാണെന്നും എങ്ങനെയാണ് ലിസ്റ്റ് തയ്യാറാക്കിയതെന്നും ജനപ്രതിനിധിയായ അങ്ങേക്കുതന്നെ അറിയാം. ആ അപാകതകൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടി ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബാംഗങ്ങൾക്ക് കിലോക്ക് മൂന്നു രൂപ നിരക്കിൽ പ്രതിമാസം മുപ്പത്തിയഞ്ചുകിലോ അരി നൽകുന്ന അന്ത്യോദയ, അന്നയോജന പദ്ധതി, കൂടുതൽ കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുവാൻ ശ്രമിക്കുമെന്ന് മന്ത്രിയുടെ ഒരു പത്രപ്രസ്താവന കണ്ടിരുന്നു. തീർച്ചയായും സ്വാഗതാർഹമാണ്. അർഹരായ പാവങ്ങൾക്ക് ഇപ്പോഴും ഇത് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിന് ഈ ആശ്രയ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെങ്കിലും യഥാർത്ഥത്തിലുള്ള പരിശോധന നടത്തിയിട്ട് ഏറ്റവും ദരിദ്രരായിട്ടുള്ള അർഹരായിട്ടുള്ള ആളുകളെ കണ്ടെത്തി അവർക്ക് ഇതു നൽകണം. ഇതിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. വളരെ നല്ല കാര്യമാണ്. റേഷൻ കടകൾ ആ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ആ പഞ്ചായത്തിലെ ഏറ്റവും ദരിദ്രരായ വ്യക്തികൾക്ക് ഉപയോഗപ്പെട്ടുവെന്ന് ഉറപ്പു വരുത്താൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. അദ്ദേഹം ഡൽഹിയിൽ പോകുമ്പോൾ മന്ത്രി പറഞ്ഞ മറുപടിയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങളൊക്കെ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. എ.പി.എൽ., ബി.പി.എൽ. കാര്യത്തിൽ അപാകതയുണ്ടെന്ന് അങ്ങുതന്നെ സമ്മതിക്കുമ്പോൾ ഇനിയെങ്കിലും അപാകതകളുണ്ടാകാതെ, കഴിയുന്നിടത്തോളം ദരിദ്രരെ അതിൽ ഉൾപ്പെടുത്തി, ആദിവാസികളും പട്ടികജാതിയിൽപ്പെട്ടവരും ബി.പി.എൽ., എ.പി.എൽ. ലിസ്റ്റിൽ ഒഴിവാക്കപ്പെട്ടു എന്ന കാര്യം മനസ്സിലാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇനിയെങ്കിലും അതുണ്ടാകാതെ യഥാർത്ഥ ദരിദ്രരെ മനസ്സിലാക്കുവാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തി അവർക്ക് ആ ബുദ്ധിമുട്ട് പരിഹരിക്കുവാൻ അങ്ങ് ഇക്കാര്യത്തിൽ എന്തു ചെയ്യും?

ശ്രീ. അടൂർ പ്രകാശ്: അന്ത്യോദയ--അന്നയോജന പദ്ധതി പ്രകാരം ഇപ്പോൾത്തന്നെ 471,000-ഓളം കുടുംബങ്ങളെയാണ് നമ്മൾ തെരഞ്ഞെടുത്തിട്ടുള്ളത്. ഇനി പുതിയതായി കേന്ദ്രഗവൺമെന്റിൽ നിന്നും മൂന്നാം ഘട്ടം എന്നുള്ള നിലയിൽ 124,000 കുടുംബങ്ങളെക്കൂടി തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശം നമുക്ക് ലഭിച്ചിട്ടുണ്ട്. ആ നിർദ്ദേശത്തിന് അനുസൃതമായി 124,000 കുടുംബങ്ങളെക്കൂടി അടിയന്തിരമായി തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ നിർദ്ദേശം കൊടുത്തതിൽ അതിപ്രധാനമായ ഒരു കാര്യം കേരളത്തിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽപ്പെട്ട മുഴുവൻ അംഗങ്ങളേയും അന്ത്യോദയ-അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി പതിനാല് ജില്ലകളിലും എത്തിയപ്പോൾ ബി.പി.എൽ.ലിസ്റ്റിനെ സംബന്ധിച്ചുള്ള ധാരാളം പരാതികൾ ലഭിച്ചു. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ വേണ്ടി യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ബന്ധപ്പെട്ട ചർച്ച വിളിച്ചുകൂട്ടുകയുണ്ടായി. അത് അനുസരിച്ച് കേരളത്തിൽ ബി.പി.എൽ., എ.പി.എൽ. ലിസ്റ്റിലെ പരാതികൾ പരിഹരിക്കാൻ ഒരു സാമ്പിൾ സർവ്വെ നടത്തുന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിക്കുന്നുണ്ട്. അതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, കേന്ദ്രഗവൺമെന്റിന്റെ ഈ നടപടിമൂലം സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് 65 ലക്ഷത്തോളം റേഷൻ കാർഡ് ഉടമകൾ ഉണ്ട്. ഏതാണ്ട് 14,600 റേഷൻ ഡീലേഴ്സും അവരുമായി ബന്ധപ്പെട്ട് കഴിയുന്ന കുടുംബങ്ങളുമുള്ള ഒരു വലിയ ശൃംഖലയാണ്. ഈ പുതിയ നടപടി കേരളത്തിലുണ്ടാക്കിയിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ ഇതിനോടകം പെട്ടിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചില്ലെന്നും അങ്ങയുടെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ എം.പി.മാരെയെല്ലാം മുന്നിൽ നിർത്തിക്കൊണ്ട് ഇക്കാര്യം യു.പി.എ. ഗവൺമെന്റിന്റെ മുമ്പിൽ ശക്തമായി സമ്മർദ്ദം ചെലുത്തി തീരുമാനം പിൻവലിപ്പിച്ച് കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ജനങ്ങളെ സംരക്ഷിക്കാൻ എന്തെങ്കിലും സത്വര നടപടി അങ്ങ് കൈക്കൊള്ളുമോ?

ശ്രീ. അടൂർ പ്രകാശ്: ഏതാണ്ട് 14,153-ഓളം റേഷൻ കടകളിലൂടെയാണ് നമ്മുടെ റേഷൻ സമ്പ്രദായം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. റേഷൻ കടകളും റീട്ടെയിൽ ഷാപ്പുകളും വളരെ മാതൃകാപരമായ പ്രവർത്തനമാണ് ഇക്കാര്യത്തിൽ നടത്തപ്പെടുന്നത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നു നമ്മൾ മാത്രമല്ല അവകാശപ്പെടുന്നത്. ഇൻഡ്യയിലെ മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്നുപോലും നമ്മൾ പദ്ധതികൾ ഏത് തരത്തിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് നേരിട്ട് കണ്ട് പഠിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന മന്ത്രിമാർ ഉൾപ്പെടെയുള്ളവർ ഇവിടെ പഠനങ്ങൾ നടത്തുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് കാലാകാലങ്ങളിൽ എടുത്തു കൊണ്ടിരിക്കുന്ന ചില തീരുമാനങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഗുണകരമല്ല എന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ തന്നെ നമ്മൾ പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് യഥാർത്ഥത്തിൽ എം.പി.മാരുടെ കോൺഫറൻസിൽ തന്നെ അത് വയ്ക്കുകയും നമ്മുടെ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എം.പി.മാരോട് അങ്ങനെയുള്ളവ നിർത്തിവയ്പ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. ജോണി നെല്ലൂർ: എഫ്.സി.ഐ. ഡിപ്പോകൾ നിർത്തലാക്കുന്നു എന്നുള്ള പത്രവാർത്തകൾ കാണാനിടയായി. ഏതാണ്ട് 1500-ഓളം ഡിപ്പോകൾ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കാൻ പോകുന്നു എന്നുള്ള വാർത്തകളാണ് ശ്രദ്ധയിൽപ്പെട്ടത്. നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും എഫ്.സി.ഐ. ഡിപ്പോകൾ ഈ ഗണത്തിൽപ്പെടുന്നുണ്ടോ; അങ്ങനെ നിർത്തലാക്കാനുള്ള തീരുമാനമുണ്ടെങ്കിൽ അത് നടപ്പാക്കാതിരിക്കാനുള്ള സത്വരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: എഫ്.സി.ഐ. ഡിപ്പോകൾ നിർത്തലാക്കുന്നതിനെക്കുറിച്ചുള്ള പത്രവാർത്തകൾ അങ്ങ് പറഞ്ഞതുപോലെ തന്നെ എന്റേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് എഫ്.സി.ഐ. ഡിപ്പോകൾ നിർത്തലാക്കുന്നു എന്നുള്ളത് ആധികാരികമായൊന്നും ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. അങ്ങോടിപ്പുറത്തെ എഫ്.സി.ഐ. ഡിപ്പോയുടെ ഗോഡൗണിൽ ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ കഴിയുന്നില്ല. അതിനു കാരണം റയിൽവേയും എഫ്.സി.ഐ.യും തമ്മിലുള്ള ഒരു തർക്കമാണ്. ഫുൾ റേക്ക് എടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ അങ്ങാടിപ്പുറം ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ കഴിയൂ എന്ന് റയിൽവേ എഫ്.സി.ഐ.-യെ അറിയിച്ചിരിക്കുന്നു. ഫുൾ റേക്ക് എന്നുപറയുന്നത് നാൽപ്പതിനായിരം മെട്രിക് ടണ്ണാണ്. അങ്ങാടിപ്പുറം ഡിപ്പോയിൽ ഫുൾ റേക്ക് വയ്ക്കുന്നതിനുള്ള സൗകര്യമില്ലാത്തതുകൊണ്ട് പകുതി മാത്രമാണ് അവിടെ വയ്ക്കുന്നത്. ഇതുസംബന്ധിച്ച് ചർച്ചകൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, പൊതുവിതരണ രംഗത്ത് അനുഭവപ്പെടുന്നതും പാവപ്പെട്ട വിദ്യാർത്ഥികളെ ബാധിക്കുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഉച്ചക്കഞ്ഞിക്കുള്ള അരി വിതരണമാണ്. പലപ്പോഴും അത് മുടങ്ങുന്നു. അതുപോലെ

സ്കൂളുകളിൽ നിന്നും വളരെ ദൂരെ പോയാൽ മാത്രമേ കുട്ടികൾക്ക് ഉച്ചക്കഞ്ഞിക്കുള്ള അരി കിട്ടുകയുള്ളൂ. അതുകൊണ്ട് ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അരി ലഭ്യമാക്കാൻ അടുത്തുള്ള മാവേലി സ്റ്റോറുകളിലോ റേഷൻ കടകളിലോ അത് കൊണ്ടുവയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: ഉച്ചക്കഞ്ഞിക്കുള്ള അരി ഇപ്പോൾത്തന്നെ അതാത് പ്രദേശങ്ങളിലുള്ള മാവേലി സ്റ്റോറുകളിൽ നിന്നും മറ്റുമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ് അത് വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഏതെങ്കിലും ഭാഗത്ത് ഇങ്ങനെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിനു വേണ്ടി ഏറ്റവും അടുത്ത മാവേലി സ്റ്റോറുകളിൽ നിന്നു തന്നെ അത് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. പി. മോഹനൻ: കുറച്ച് ദിവസങ്ങളായി പൊതുവിതരണത്തെക്കുറിച്ച് എം.എൽ.എ.മാർക്കൊക്കെ തന്നെ ലേഖനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണം കെ. ടി. ജോസഫിനെ ഏൽപ്പിക്കുക, പിന്നെ കെ. ടി. ജോസഫിന്റെ ഒരു മറുപടി. കെ. ടി. ജോസഫിനെ ഏൽപ്പിക്കുക എന്നുള്ളതിന് ആളില്ല. അതിന് വേറൊരു വാക്കുണ്ട്. അത് ഞാൻ ഇവിടെ ഉപയോഗിക്കുന്നില്ല. മറ്റേതിന് ആളുണ്ട്. കെ. ടി. ജോസഫ് തന്നെയാണ് കൊടുക്കുന്നത്. ഈ പടയൊരുക്കം സിവിൽസപ്ലൈസ് കോർപ്പറേഷന്റെ അഴിമതിക്കാർക്കോ മറ്റാർക്കെങ്കിലുമോ എതിരായാണോ എന്നതാണ് ചോദ്യം. ഇതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം. കുറച്ച് കാലങ്ങളായി ഞങ്ങൾക്ക് ഇത് കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇതിൽ അഴിമതിയെക്കുറിച്ചും പൊതുവിതരണ രംഗത്തുള്ള തടസ്സങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഇതേക്കുറിച്ച് മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: അങ്ങ് പറഞ്ഞ കാര്യങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. എന്തൊക്കെയോ രേഖകൾ അങ്ങയുടെ കൈവശം കിട്ടിയെന്ന് പറയുകയുണ്ടായി. ഏതായാലും സിവിൽസപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട ചോദ്യമാണ് ഇവിടെ ചോദിച്ചത്. ഇതുമായി ബന്ധപ്പെട്ടതല്ല. സിവിൽസപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വരുമ്പോൾ അതിന് മറുപടി പറയുന്നതാണ്.

ശ്രീ. ഷിബു ബേബി ജോൺ: ഇവിടെ എ.പി.എൽ., ബി.പി.എൽ. തർക്കത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് സാമ്പിൾ സർവ്വെ നടത്താൻ പോകുന്നു എന്നാണ്. ഇതുവരേയും ഗവൺമെന്റിന് ഇത് ബോധ്യപ്പെട്ടിട്ടില്ല. ഇനി സാമ്പിൾ സർവ്വെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ട് വേണം ഗവൺമെന്റിന് ബോധ്യപ്പെടാൻ. ഒരു യാഥാർത്ഥ്യമെന്ന നിലയ്ക്ക് അനർഹരായിട്ടുള്ള പലരും ഇതിൽ കടന്ന് കൂടിയിട്ടുണ്ടെന്നും അർഹതയുള്ളവർ പിൻതള്ളപ്പെട്ടിട്ടുണ്ടെന്നും ഏവർക്കും അറിവുള്ളതാണ്. ആദ്യം അനർഹരായിട്ടുള്ളവരെ പുറത്ത് കൊണ്ടുപോകാനും അർഹരായിട്ടുള്ളവരെ അകത്ത് കൊണ്ടുവരാനും വേണ്ടി ഈ 15 ലക്ഷത്തിന് ഉള്ളിൽ നിന്നുകൊണ്ടുതന്നെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? കുടുംബശ്രീയുടെ ആനുകൂല്യങ്ങളൊന്നും നിലവിലുള്ള റേഷൻ കാർഡിൽ എ.പി.എൽ. എന്ന് കാണിച്ചിരിക്കുന്നതു കാരണം സ്ത്രീകൾക്കൊന്നും ലഭിക്കുന്നില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അങ്ങനെ അർഹരായിട്ടുള്ളവരെ കേന്ദ്രത്തിന്റെ തെറ്റായ നയം കാരണം പിൻതള്ളപ്പെട്ടു എന്ന് ബോധ്യപ്പെട്ടത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട സ്ത്രീകൾക്ക് അടക്കം ഈ ആനുകൂല്യങ്ങൾ എത്തിക്കുവാൻ സംസ്ഥാനഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് അനർഹരായിട്ടുള്ളവർ ഈ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളതാണ്. അത് അങ്ങേക്കും എനിക്കും നന്നായിട്ട് അറിയാവുന്ന കാര്യമാണ്. ഈ അനർഹരായിട്ടുള്ള ആളുകൾ എങ്ങനെ കടന്നുകൂടിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഗ്രാമസഭകളാണ് ആളുകളെ തെരഞ്ഞെടുക്കുന്നത്. പഞ്ചായത്ത് ഭരണ സമിതിക്ക് നേതൃത്വം കൊടുക്കുന്നവർ .....(ബഹളം)..... ഗ്രാമസഭകൾ വിളിച്ചുകൂട്ടി ഗ്രാമസഭകളിൽ ഉണ്ടാകുന്ന ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കി ബ്ലോക്ക് തലങ്ങളിൽ ..... (ബഹളം) ..... ഞാൻ ..... ഉത്തരം പറയട്ടെ ..... (ബഹളം) ..... ബഹുമാനപ്പെട്ട ഷിബു ബേബി ജോൺ ഒരു ചോദ്യം ചോദിച്ചു, അതിന് ഞാൻ മറുപടി പറയുകയായിരുന്നു. പക്ഷെ അതിൽ കൂടുതൽ വിവരമുള്ള ഹരിപ്പാട് അംഗത്തെപ്പോലുള്ള ആളുകൾ ********** മറുപടി പറയുന്നു എന്ന് അദ്ദേഹം സൂചിപ്പിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് രേഖയിൽ കാണില്ല.

ശ്രീ. അടൂർ പ്രകാശ്: വിവരക്കേട് പറഞ്ഞ് ഈ സഭയിൽ നേട്ടം ഉണ്ടാക്കാൻ വേണ്ടി ശ്രമിക്കുന്നത് ശരിയല്ല. യഥാർത്ഥത്തിലുള്ള കാര്യങ്ങൾ പറയുമ്പോൾ അത് കേട്ടിരിക്കാനുള്ള സഹിഷ്ണുതയാണ് കാണിക്കാനുള്ളത്. ..... (ബഹളം) ..... അതാതു പഞ്ചായത്തുകളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ആ നിർദ്ദേശാനുസരണം ഗ്രാമസഭകളും പഞ്ചായത്തുകളും അത് ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല. അതിനുപകരം

**********ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

..... (ബഹളം) ..... അതാതു സ്ഥലങ്ങളിൽ രാഷ്ട്രീയത്തിന് അതീതമായി ചെയ്യേണ്ട പ്രവർത്തനത്തിനുപകരം രാഷ്ട്രീയമായ ബോധത്തോടുകൂടി ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമാണ് ഇന്ന് ഈ അപാകതകൾ കേരളത്തിൽ നിലനിൽക്കുന്നത് എന്നുകൂടി അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ അപാകതകളെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പദ്ധതിയെന്തെങ്കിലും ഉണ്ടോയെന്നുള്ളതിനെക്കുറിച്ച് ഒന്നും പരാമർശിച്ചില്ല. അനർഹരായിട്ടുള്ളവർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ നമ്മുടെ ഉത്തരവാദിത്വമാണ് അനർഹരായിട്ടുള്ളവരെ ഒഴിവാക്കുകയെന്നുള്ളത്. അതിനുള്ള നടപടി സ്വീകരിക്കുമോ? സ്ഥിരമായിട്ടുള്ള പരാതി റേഷൻ പൊതുവിതരണ സമ്പ്രദായത്തിലൂടെ ലഭിക്കുന്ന സാധനങ്ങൾക്ക് ഗുണനിലവാരം മോശമാണെന്ന് വ്യാപകമായി എപ്പോഴും നമുക്ക് പരാതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയെപ്പോലെ പ്രഗൽഭരായ പശ്ചാത്തലത്തിൽനിന്ന് വരുന്ന അങ്ങ് ഇതിന് നേതൃത്വം കൊടുക്കുമ്പോൾ അതിനെ ഫലപ്രദമായി ഗുണനിലവാരമുള്ള സാധനങ്ങൾ എത്തിക്കാനുള്ള എന്തെങ്കിലും പദ്ധതികൾ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ഗുണനിലവാരമുള്ള സാധനങ്ങൾ റേഷൻ കടകളിൽ എത്തുന്നതിനുവേണ്ടി പ്രത്യേകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകമായിട്ട് എന്നുപറയുമ്പോൾ എഫ്.സി.ഐ. യിൽനിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ പരിശോധന നടത്തുന്നതിനുവേണ്ടിത്തന്നെ പ്രത്യേകമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ആ പരിശോധന എഫ്.സി.ഐ. യുടെ ജില്ലാതലത്തിലുള്ള ചുമതലക്കാരനും അതുപോലെ അതാതു ജില്ലകളിലെ ജില്ലാ സപ്ലൈ ഓഫീസറും എഫ്.സി.ഐ. യുടെ ക്വാളിറ്റി കൺട്രോളർമാരും ഉൾപ്പെട്ട മൂന്നുപേർ അടങ്ങുന്ന ഒരു സമിതി പരിശോധന നടത്തിയതിനുശേഷം മാത്രമേ എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ പുറത്തേക്ക് കൊടുക്കാവു എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന് എഫ്.സി.ഐ. യുടെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു ധാരണയുണ്ടാക്കിയത്. ഇന്ന് റേഷൻ കടകളിൽ മെച്ചപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: പൊതുവിതരണ കാര്യത്തിൽ അരിക്കും ഗോതമ്പിനും ഉപരി മണ്ണെണ്ണ ആദിവാസി മേഖലയിൽ അത്യാവശ്യമായിട്ടുള്ളതാണ്. പറമ്പിക്കുളം പോലെയുള്ള പ്രദേശങ്ങളിലെ ആദിവാസികൾക്ക് അത് പ്രധാനമാണ്. ആദിവാസി മേഖലയിൽ അവർക്കാവശ്യത്തിന് ഇപ്പോഴും മണ്ണെണ്ണ കിട്ടാത്ത അവസ്ഥയാണ്. അത് യഥാസമയം ലഭ്യമാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേകമായ നടപടി ഉണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് മണ്ണെണ്ണയുടെ ആവശ്യകത എന്നുപറയുന്നത് ഏതാണ്ട് 30,042 കിലോ ലിറ്ററാണ്. പക്ഷേ, ഒരു വർഷത്തെ ഇപ്പോഴത്തെ മണ്ണെണ്ണയുടെ ലഭ്യത, നമുക്ക് അലോട്ട് ചെയ്യുന്നത് കുറച്ച് കൊണ്ടുവരികയാണ്. 2005 ജൂലൈ മാസത്തിൽ 23,172 കിലോ ലിറ്റർ മാത്രമാണ് നമുക്ക് ലഭിച്ചത്. കഴിഞ്ഞ ദിവസം നടന്ന യോഗത്തിൽത്തന്നെ നമ്മുടെ ആവശ്യാനുസരണമുള്ള മണ്ണെണ്ണ ഈ സംസ്ഥാനത്തിന് നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഏതായാലും അങ്ങ് ആദിവാസി മേഖലകളെക്കുറിച്ച് പറഞ്ഞു. അത്തരം മേഖലകളിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച മാനദണ്ഡം നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ദ്രോഹകരമായിട്ടുള്ളതാണ്. അതിന്റെ ഫലമായിട്ടാണ് ഇവിടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അംഗസംഖ്യ കുറഞ്ഞുവരുന്നത്. അവർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരം ഓടിട്ട വീട്ടിൽ താമസിക്കുന്നവർ ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. കക്കൂസ് ഉള്ള വീടുകൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. ബ്രഷ് ഉപയോഗിച്ച് പല്ല് തേയ്ക്കുന്ന ആളുകൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. അങ്ങനെയുള്ള മാനദണ്ഡങ്ങൾ ആയതുകൊണ്ടാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അംഗസംഖ്യ ഗണ്യമായിട്ട് കുറഞ്ഞുവരുന്നത്. ചെരുപ്പ് ഇടുന്നവർ ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ നിശ്ചയിച്ചത് ഗ്രാമസഭകളാണെന്നാണ്. മന്ത്രി ഇവിടെ ചെയ്തത് അടിസ്ഥാനരഹിതമായിട്ടുള്ള പ്രസ്താവനയാണ്. ഒരു ഗ്രാമസഭയിലുംവച്ച് ബി.പി.എൽ. ലിസ്റ്റ് അംഗീകരിച്ചിട്ടില്ല. അങ്ങ് നാട്ടിൻപുറത്ത് പ്രവർത്തിക്കുന്ന ഒരു പ്രവർത്തകനല്ലേ. അങ്ങയുടെ ഏതെങ്കിലും ഗ്രാമസഭയിൽവച്ച് ഈ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടോ? കഴിഞ്ഞ ദിവസം മൂന്നാറിൽ പോയപ്പോൾ അവിടെയുള്ള ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരാണ് ഈ പ്രദേശത്ത് ഇതിന് വിധേയരായിട്ടുള്ളവർ എന്നുള്ള കാര്യം ബഹുമാനപ്പെട്ട എ.കെ. മണി തന്നെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇത്തരത്തിൽ ഒരു ഗ്രാമസഭയിലും ആലോചിച്ചുകൊണ്ടല്ല ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡപ്രകാരം മേയ് 25 ന് കേന്ദ്രഗവൺമെന്റ് ഒരു യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ പറയുന്നു, ഇനി ബി.പി.എൽ. ഉപഭോക്താക്കൾക്ക് ഭക്ഷ്യകൂപ്പൺ കൊടുക്കുമെന്ന്. പൊതുവിതരണ സമ്പ്രദായം തന്നെ നിർത്തലാക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് ഭക്ഷ്യകൂപ്പണുകൾ കൊടുക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തോട് ഈ സംസ്ഥാന ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികരിക്കണം എന്നാണ് പറയാനുള്ളത്. കേരളത്തിൽ അത് ദോഷം ചെയ്യും എന്ന് മനസ്സിലാക്കി കേരള നിയമസഭയിലെ മന്ത്രിമാരും 140 എം.എൽ.എ. മാരുംകൂടി ഡൽഹിയിൽ പോയി ഒരു സമരം നടത്തുന്നതിനുവേണ്ടി മുൻകൈ എടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട കോടിയേരി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ബി.പി.എൽ. ലിസ്റ്റ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചതിൽ അപാകതയുണ്ടെന്ന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നമാണ്. ഞാൻ ആദ്യമേ അതിന്റെ ഉത്തരം പറഞ്ഞതാണ്. 1,554,000 ആണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. നമ്മുടെ ലിസ്റ്റ് എന്ന് പറയുന്നത് 2,042,000 ആണ്. ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം കേരളത്തിന്റെ പ്രത്യേക സാഹചര്യം വച്ചുകൊണ്ട് ശരിയല്ല എന്ന അഭിപ്രായം തന്നെയാണ് നമുക്കുള്ളത്. ബി.പി.എൽ. ലിസ്റ്റ് കേരളത്തിൽ തയ്യാറാക്കിയതിനെക്കുറിച്ച് അങ്ങ് ഒരുകാര്യം അറിഞ്ഞിരിക്കുമല്ലോ. അങ്ങയുടെ നേതാക്കൻമാർ ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ എടുത്ത തീരുമാനമാണ്. അന്ന് ഈ കാര്യത്തിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി ആ ഗ്രാമസഭകൾ ലിസ്റ്റുകൾ ഉണ്ടാക്കണമെന്ന നിർദ്ദേശം കൊടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ആ അപാകതകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. മറ്റൊരു കാര്യം അങ്ങ് ചോദിച്ചത് ഫുഡ്കൂപ്പൺ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചാണ്. അതിന് യഥാർത്ഥത്തിൽ കേന്ദ്ര ഭക്ഷ്യ വകുപ്പിൽ നിന്ന് ഇതുവരേയും അങ്ങനെയൊരു നിർദ്ദേശം ഇവിടെ കിട്ടിയിട്ടില്ല. പക്ഷേ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഇത്തരത്തിലൊരു നിർദ്ദേശം വച്ചത്. അത് നമ്മൾ എല്ലാവരും പത്രത്തിൽ വായിച്ചതാണ്. ആ നിർദ്ദേശം വച്ചതുതന്നെ ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഒന്നോ രണ്ടോ ജില്ലകൾ തെരഞ്ഞെടുത്തുകൊണ്ട് ആ ജില്ലകളിൽ ഫുഡ്കൂപ്പൺ സമ്പ്രദായം നടപ്പാക്കി പരിശോധന നടത്തുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കും എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ വന്നത്. പക്ഷേ, കേന്ദ്ര ഗവൺമെന്റിൽനിന്നോ ഭക്ഷ്യ വകുപ്പിൽനിന്നോ ഇതുവരേയും അത് നടപ്പാക്കണം എന്നു പറഞ്ഞ് യാതൊരു വിധത്തിലുള്ള അറിയിപ്പും സംസ്ഥാന ഗവൺമെന്റിന് കിട്ടിയിട്ടില്ല. മാത്രമല്ല, സംസ്ഥാന ഗവൺമെന്റുതന്നെ അത് നടപ്പാക്കുന്നത് ഇവിടത്തെ പ്രത്യേക സാഹചര്യം വച്ചുകൊണ്ട് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് അറിയിച്ചിട്ടുണ്ട്. അറിയിക്കുക മാത്രമല്ല ബഹുമാനപ്പെട്ട എം.പി. മാരുടെ കോൺഫറൻസിൽ ഈ കാര്യങ്ങൾ പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി അജണ്ടയിൽ ഇക്കാര്യം ഉൾപ്പെടുത്തുകയും ചെയ്തിരുന്നതാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യം എന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യങ്ങൾ കൊണ്ടുവരികയും ഇതിൽ അപാകതകളുണ്ടാകാതെ പോകുന്നതിനുള്ള നടപടികൾക്ക് നമുക്ക് കൂട്ടായി ശ്രമിക്കാം എന്നു മാത്രമാണ് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരള പൊതുവിതരണ രംഗം തകരാറിലായത് 1997-ൽ targeted public distribution system കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചതോടുകൂടിയാണ്. 2000-2001-ൽ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച നയവ്യതിയാനം ഇത് ത്വരിത ഗതിയിലാക്കി. 1997-ലും 2000-2001-ലും ബഡ്ജറ്റ് വന്നപ്പോൾ അന്നത്തെ ഗവൺമെന്റിന് ഇത് പ്രതിരോധിക്കാൻ കഴിഞ്ഞില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. കേരളത്തിലെ ഇടത്തരക്കാരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും തമ്മിലുള്ള വ്യത്യാസം വളരെ കുറവാണ്. അതുകൊണ്ടുണ്ടായ ഏറ്റവും വലിയ നഷ്ടം കേരളത്തിനാണ്. ശ്രീ. കോടിയേരി പറഞ്ഞ, അദ്ദേഹത്തിന്റെ പാർട്ടിയും ചിന്തിക്കുന്ന സമരത്തിന്റെ ഭാഷ ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പുമന്ത്രിയും ഡൽഹിയിൽ പോയി ഈ നയവ്യതിയാനം തിരുത്തിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: അദ്ദേഹം പറഞ്ഞ നിർദ്ദേശം നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം എന്നുള്ള നിലയിൽ അംഗീകരിക്കപ്പെടാവുന്നതാണ്.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* ഭക്ഷ്യവിതരണവും പൊതുവിതരണവും കേന്ദ്രസർക്കാർ നിലപാടും സംബന്ധിച്ചുള്ള ചോദ്യത്തിന് അങ്ങ് പറഞ്ഞ മറുപടി ശ്രദ്ധാപൂർവ്വം കേൾക്കുകയായിരുന്നു. കേരളത്തിലെ പതിനായിര കണക്കിന് റേഷൻ വ്യാപാരികളും ഇന്ത്യയിലെമ്പാടുമുള്ള ലക്ഷക്കണക്കിന് റേഷൻ വ്യാപാരികളും ഓരോ സംസ്ഥാന ഗവൺമെന്റിന്റെയും അധികാരപ്പെട്ട സ്ഥാപനങ്ങളുടെ മുമ്പിൽ ഇന്ന് പ്രക്ഷോഭസമരങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? ഈ പ്രശ്നത്തെ തുടർന്നാണ് കേന്ദ്ര ഗവൺമെന്റ് കുറെ പണ്ടിക്കായിട്ടുള്ള കച്ചവടക്കാർക്ക് ഇതിന്റെ ലിസ്റ്റ് കൊടുത്തത്. അവർ വഴി പൊതുവിതരണ സമ്പ്രദായം ഇല്ലായ്മ ചെയ്തുകൊണ്ട് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുക എന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനത്തെ അടിസ്ഥാനപ്പെടുത്തി നിരവധി കൊല്ലമായി പൊതുവിതരണ സമ്പ്രദായത്തിൽ സഹകരിച്ച് റേഷൻ കടകളിൽ കൂടി മര്യാദയ്ക്ക് റേഷൻ സാധനങ്ങൾ വില നിയന്ത്രിച്ച് കൊടുത്തുകൊണ്ടിരിക്കുന്ന, വളരെ ഉത്തരവാദപ്പെട്ട ജോലി ചെയ്യുന്ന, റേഷൻ വ്യാപാരികളെ അവതാളത്തിലേക്കും പട്ടിണിയിലേക്കും തള്ളുന്ന തരത്തിലുള്ള ഉൽക്കണ്ഠാജനകമായ സ്ഥിതി മനസിലാക്കിയിട്ടാണ് ഇന്ത്യയിലെമ്പാടുമുള്ള റേഷൻ വ്യാപാരികൾ ഇന്ന് സമരരംഗത്ത് ഇറങ്ങിയിരിക്കുന്നത്. ഈ പ്രത്യേക സാഹചര്യംകൂടി കണ്ടുകൊണ്ടാണ് ഇവിടെനിന്ന് നിവേദനവുമായി സാധാരണ രൂപത്തിൽ പോയാൽപോരെന്നും, കേരളത്തിന്റെ ശക്തമായ വികാരം ഇന്ത്യയിലെമ്പാടുമുള്ള റേഷൻ വ്യാപാരികളുടെ ജീവിതം വഴിമുട്ടിക്കുന്ന സമീപനത്തിനെതിരായി അവർ സമരരംഗത്ത് വന്നിരിക്കുന്ന ഈ സാഹചര്യത്തിൽ, കുറച്ചുകൂടി രൂക്ഷമായ നിലയിൽ കേന്ദ്ര ഗവൺമെന്റിനെ മനസ്സിലാക്കിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ സമരപരമായ രീതി ഇപ്പോൾ ഭരണത്തിൽ വന്നശേഷം ഭരണക്കാരും അതിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് പാർട്ടിയും മറന്നുപോയി എന്നുണ്ടെങ്കിൽ അത് വേണ്ട. കേരളത്തിൽ നിരവധി കൊല്ലമായി നിലനിൽക്കുന്ന പൊതുവിതരണസമ്പ്രദായം തകർക്കുന്ന സഥിതിയിലേക്ക് പോകുന്നതു സംബന്ധിച്ച് ഗൗരവതരമായി പരിശോധിക്കാനും നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ ഈ വിഷയത്തെ സംബന്ധിച്ച് ഒരു സബ്മിഷൻ ഈ സഭയിൽ കൊണ്ടുവരികയും ആ സബ്മിഷന് ഞാൻ അന്ന് മറുപടി പറയുകയും ചെയ്തതാണ്. ഏറെ ആശങ്കയുളവാക്കുന്ന ഒരു പ്രശ്നമാണിത്. അങ്ങ് പറഞ്ഞ 14,153 റേഷൻ കടകളുടെ പ്രവർത്തനമാണ് നമ്മുടെ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ മറുപടി ഞാൻ നേരത്തെ പറഞ്ഞു. അങ്ങ് സഭയിൽ ഇല്ലാഞ്ഞതുകൊണ്ട് കേട്ടുകാണില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനമാണ് റേഷൻ വിതരണ രംഗത്ത് ഏറെ കാര്യക്ഷമതയോടെ നല്ല പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ കേന്ദ്ര ഗവണ്മെന്റ് നടപ്പാക്കും എന്ന് പറയപ്പെടുന്ന—കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്—ഫുഡ് കൂപ്പൺ സമ്പ്രദായം നടപ്പിലാക്കിയാൽ അത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാധാരണ ആളുകൾക്ക് നേരിട്ട് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോടുകൂടി കേന്ദ്ര ഗവൺമെന്റ് അങ്ങനെ ഒരു കാര്യം പറഞ്ഞു. പക്ഷേ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് റേഷൻ വിതരണ രംഗത്ത് നല്ലനിലയിൽ പ്രവർത്തിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിൽ ഫുഡ്കൂപ്പൺ സമ്പ്രദായം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയില്ല എന്ന അഭിപ്രായം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരാഞ്ഞപ്പോൾ അറിയിക്കുകയുണ്ടായി. മാത്രമല്ല ഭക്ഷ്യ പൊതുവിതരണ വകുപ്പിൽനിന്നോ കേന്ദ്ര ഭക്ഷ്യപൊതുവിതരണ വകുപ്പിൽനിന്നോ ഇത്തരത്തിലുള്ള ഒരു നിർദ്ദേശവും നമുക്ക് ഇതുവരേയും ലഭിച്ചിട്ടില്ല. ഏതായാലും അങ്ങ് ഇവിടെ ഉയർത്തിയത് ഈ സഭയിലെ എല്ലാ അംഗങ്ങളുടേയും വികാരം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ എഫ്.സി.ഐ. നല്ല അരി വിതരണം ചെയ്യുമെന്ന് പറഞ്ഞു. ഇപ്പോൾ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശേഖരിക്കുന്ന നെല്ല് മില്ലുകാരെ ഏൽപ്പിച്ച് അരിയാക്കി അത് എഫ്.സി.ഐ.യെ ഏൽപ്പിക്കുന്നു. എഫ്.സി.ഐ.യുടെ ഓർഡറിൽ 16 ശതമാനം വരെ കല്ല്, നെല്ല് തുടങ്ങിയ സാധനങ്ങൾ അരിക്ക് പൂറമെ ആകാം എന്നുള്ള നിലയിൽ ഓർഡർ ഇറക്കിയത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അത് ഒഴിവാക്കാൻ എഫ്.സി.ഐ.യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ? നല്ല അരിയാണെങ്കിൽ 100 ശതമാനം നല്ല അരി എഫ്.സി.ഐ.ക്ക് കൊടുക്കാൻ കഴിയുന്ന നിലയിലുള്ള എഫ്.സി.ഐ. ആണ് ഈ നടപടി ക്രമീകരിച്ചുകൊണ്ടുവന്നിരിക്കുന്നത് എന്ന് അറിയാം. അത് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി എഫ്.സി.ഐ. പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച, അരിയിൽ 16% നെല്ല് തുടങ്ങിയുള്ള സാധനങ്ങൾ ഉണ്ടാകാം എന്ന് എഫ്.സി.ഐ.-യുടെ ഒരു നിർദ്ദേശം ഉണ്ടെന്ന് അങ്ങ് പറഞ്ഞത് ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ഒരുകാര്യം ഉണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. സിവിൽസപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് സംഭരണം നടത്തി മില്ലുകൾവഴി അരിയാക്കി നമ്മുടെ റേഷൻ കടകളിലൂടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ മില്ലുകളിൽ അരിയാക്കുന്നത് നേരിട്ട് എഫ്.സി.ഐ. ഗോഡൗണുകളിലേക്ക് അയയ്ക്കാതെ അതിനുള്ള അലോട്ട്മെന്റ് കൊടുത്തിട്ട് റേഷൻ മൊത്തവിതരണക്കാർ ആണ് ഇപ്പോൾ അത് എടുക്കുന്നത്. എടുത്തിട്ട് അത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുകയാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം പ്രത്യേകമായി ശ്രദ്ധിക്കപ്പെടുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഗവൺമെന്റ് നിലപാട് അങ്ങിനിടെ പറഞ്ഞു. ഞങ്ങൾക്ക് കിട്ടുന്ന വിവരമനുസരിച്ചാണ് ഫുഡ്കാർഡിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചത്. എന്തായാലും നമുക്ക് ഒരു യോജിച്ച അഭിപ്രായത്തിൽ അത് കേന്ദ്രഗവൺമന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ അങ്ങ് തന്നെ മുൻകൈ എടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ റേഷൻ കടകളുമായി ബന്ധപ്പെട്ട് നേരത്തെ പറഞ്ഞിട്ട് അതിന് അനുബന്ധമായി ഞാൻ ചോദിക്കുന്നത് ഗവൺമെന്റ് സെക്രട്ടറി സിവിൽസപ്ലൈസ് കോർപ്പറേഷൻ, കേന്ദ്രഗവൺമെന്റ് സെക്രട്ടറിയുമായി അല്ലെങ്കിൽ എഫ്.സി.ഐ.-യുടെ ആൾക്കാരുമായി ഒപ്പുവച്ച ധാരണാപത്രമനുസരിച്ച് നമ്മൾ ഏറ്റെടുക്കുന്ന നെല്ല് കുത്തി അരിയാക്കി റേഷൻ കടകളിലൂടെ കൊടുക്കുവാനുള്ള നടപടിയാണ് എടുത്തിട്ടുള്ളതെന്ന് അങ്ങ് ശ്രീ. പി. ജെ. ജോയിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ഇവിടെ ഇത് മുമ്പ് ഉന്നയിക്കപ്പെട്ട ഒരു വിഷയമാണ്. വെറും സാങ്കേതികത്വത്തിന്റെ അടിസ്ഥാനത്തിൽ നിരവധി സംഘങ്ങളിൽനിന്ന് നെല്ല് എടുക്കുന്നില്ല. ഇപ്പോൾ അത് ഒഴിവാക്കിയോ? എല്ലാ സംഘങ്ങളിൽനിന്നും നെല്ല് എടുക്കാൻ തീരുമാനിച്ചോ? അങ്ങനെയാണെങ്കിൽ നെല്ല്കുത്തി അരിയാക്കി റേഷൻ കടകളിലൂടെ ഈ ഓണത്തിനു മുമ്പായി കൊടുക്കാൻ കഴിയുമോ? ഏതൊക്കെ മില്ലുകളിൽനിന്ന് അരിയാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കയ്യിൽ കിട്ടി. അത് കൊടുക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിച്ചത് 4-6-2005-ലാണ്. 4-6-2005-ന് നെല്ല് സംഭരണം ഏറ്റെടുത്തതിനുശേഷം 212,000 ക്വിന്റൽ നെല്ല് വിവിധ ജില്ലകളിലായി മില്ലുകൾ എത്തിച്ചിട്ടുണ്ട്. ഇത് മില്ലിംഗ് നടത്തി അരിയാക്കി ഇപ്പോൾ തന്നെ റേഷൻ കടകളിൽ കുറച്ചു വീതം വിതരണം ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്നു എന്നുപറയുമ്പോൾ മില്ലിൽ അത് കൂടുതൽ സൂക്ഷിക്കാനുള്ള ബുദ്ധിമുട്ട് അറിയിച്ചതനുസരിച്ച് അരിയാക്കുന്ന ക്രമത്തിന് അനുസരിച്ച് റേഷൻ മൊത്തവിതരണക്കാർക്ക് അതിനുള്ള അലോട്ട്മെന്റ് കൊടുത്തുകൊണ്ട് നമ്മുടെ റേഷൻ കടകളിലൂടെ ഇപ്പോൾ തന്നെ കുറേശ്ശെ നൽകിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല കഴിഞ്ഞ ദിവസം ഡോ. കെ. സി. ജോസഫിന്റെ സബ്മിഷന് ഞാൻ മറുപടിയും പറഞ്ഞതാണ്. ഇവിടെ വിവിധ രാഷ്ട്രീയ നേതാക്കന്മാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഡോ. കെ. സി. ജോസഫ്, ബഹുമാനപ്പെട്ട അങ്ങും അടക്കം ഇക്കാര്യം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം നെല്ല് സംഭരിക്കുന്ന കാര്യത്തിൽ യാതൊരു വിധത്തിലുള്ള അപാകതയും കടന്നുവരാതെയിരിക്കാനുള്ള ചില നടപടികൾ സ്വീകരിച്ചു എന്നുമാത്രമേയുള്ളൂ. നമുക്കറിയാം ഇന്നും തമിഴ്നാട്ടിൽനിന്ന് വളരെയധികം വില കുറഞ്ഞ നെല്ല് ഇവിടെ വരുന്നുണ്ട്. കേരളത്തിലെ കർഷകരെ സഹായിക്കുക എന്ന പ്രധാന ലക്ഷ്യം വച്ചുകൊണ്ട് നമ്മൾ ഈ പദ്ധതി നടപ്പാക്കുന്നു എന്നുള്ളതുകൊണ്ട് നമുക്ക് നേടിയെടുക്കാനുള്ളത് കേരളത്തിലെ കർഷകരെ സഹായിക്കാൻ വേണ്ടി നടപ്പാക്കുന്ന ഒരു പദ്ധതി അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ നെല്ല് കടന്നു വരാതിരിക്കുന്നതിനുവേണ്ടിയാണ്, മറ്റ് കച്ചവടക്കാരെ സഹായിക്കാതിരിക്കാൻ വേണ്ടിയാണ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, എത്ര നെല്ലുകൾ സംഭരിച്ചിട്ടുണ്ടെന്ന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് പറഞ്ഞത്. പക്ഷേ, രജിസ്റ്റർ ചെയ്യാനുള്ള തീയതി 3-5-2005 ആണ് അവസാനദിവസം പഞ്ഞിരുന്നത്. പക്ഷേ, ഇപ്പോൾ അന്ന് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ല എന്നുപറഞ്ഞുകൊണ്ട് നിരവധി സംഘങ്ങൾ, സംഘടനകൾ, നിരവധി ആളുകൾ ഈകാര്യം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നമ്മുടെ കേരളത്തിൽ കർഷകരിൽ നിന്നും സംഭരിച്ചിരിക്കുന്ന നെല്ല് ബാക്കിയുള്ളതുകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടത്തുകയാണ്.

ശ്രീ. തമ്പാനൂർ രവി: സർ, ഈ ബി.പി.എൽ. കാർഡ് ഉടമകൾക്ക് ലഭിക്കേണ്ട അരി, ഗോതമ്പ് എന്നിവയുടെ തോത് നിശ്ചയിച്ചിട്ടുണ്ട്. ഈ തോത് നിശ്ചയിച്ചിട്ടുള്ളത് ഗവൺമെന്റ് തന്നെയാണ്. ഈ തോത് അനുസരിച്ച് ബി.പി.എൽ. കാർഡുകാർക്ക് അരിയും, ഗോതമ്പും ലഭ്യമാകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പെട്ടിട്ടുണ്ടെങ്കിൽ ആ തോതനുസരിച്ച് ഇവർക്ക് അരി, ഗോതമ്പ് എന്നിവ കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, ഇവിടെ ഞാൻ നേരത്തെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 1,554,000 ബി.പി.എൽ. കുടുംബങ്ങളെ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. അവർക്കുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് നമുക്ക് സബ്സിഡി ഇനത്തിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. 1,554,000 കുടുംബങ്ങൾക്ക് നൽകാനുള്ള ഭക്ഷ്യധാന്യങ്ങൾ കിട്ടുമ്പോൾ അതിന്റെ കണക്കനുസരിച്ച് 35 കിലോ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലൂടെ കൊടുക്കാനുള്ള നിർദ്ദേശമുണ്ടെന്ന് പറയുന്നു. പക്ഷേ, നിർഭാഗ്യവശാൽ 35 കിലോ ഭക്ഷ്യധാന്യങ്ങൾ ഈ ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട എല്ലാപേർക്കും കൊടുക്കാൻ കഴിയുന്നില്ല. കാരണം നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ബി.പി.എൽ. ലിസ്റ്റ് എന്നു പറയുന്നത് 2,042,000 എന്നുള്ളതുകൊണ്ട് 1,554,000 കുടുംബങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അത് വിഹിതംവച്ച് ഏതാണ്ട് 24 കിലോ വീതം ആണ് നൽകപ്പെട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ ഒരു റേഷൻ സമ്പ്രദായം തന്നെ 35 കിലോ ഭക്ഷ്യധാന്യങ്ങൾ വീതം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം എന്ന് കേന്ദ്രഗവൺമെന്റിൽ നമ്മൾ പലവട്ടം ആവശ്യപ്പെട്ട കാര്യമാണ്. ഇപ്പോഴും ആ ആവശ്യം നിലനിൽക്കുകയാണ്. ഇത് മനഃപ്പൂർവ്വമായി 35 കിലോ കൊടുക്കാതിരിക്കുന്നതല്ല എന്ന് ബഹുമാനപ്പെട്ട അംഗത്തെ ഈ അവസരത്തിൽ അറിയിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ പൊതുവിതരണ സമ്പ്രദായം ഇന്ത്യയിൽ ഏറ്റവും നന്നായി നടന്നുകൊണ്ടിരുന്നു എന്ന പ്രശംസ പിടിച്ചു പറ്റിയ ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ മൂലമാണ് ഇത് തകർന്നുകൊണ്ടിരിക്കുന്നത്. ഇന്ന് ഇപ്പോൾ റേഷൻ കടക്കാർ കട അടച്ച് സമരം ചെയ്യുകയാണ്. ഇവിടെ ഈ ബി.പി.എൽ. നടപ്പിലാക്കിയതിൽ തന്നെ ഏതാണ്ട് 10%-ത്തോളം കൂടുതൽ ആൾക്കാർക്ക് നമ്മുടെ പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനിച്ചതനുസരിച്ചുള്ള ബി.പി.എൽ.-ലേക്ക് കൊണ്ടുവന്നപ്പോൾ കൊടുക്കേണ്ട റേഷൻ സാധനങ്ങളുടെ ക്വാണ്ടിറ്റി കുറച്ചാണ് ഇപ്പോൾ കൊടുക്കുന്നത്. അതായത് മറ്റുള്ളവർക്കുകൂടി കൊടുക്കാൻവേണ്ടി യഥാർത്ഥത്തിൽ കിട്ടേണ്ടയാളുകളുടെ ഓഹരി വിഹിതം നമ്മൾ കുറയ്ക്കുകയാണ്. ഇവിടെ അങ്ങിൽനിന്ന് എനിക്ക് വ്യക്തമായ ഉത്തരം കിട്ടണം. പലപ്പോഴും ചോദിച്ചിട്ടും ആ വ്യക്തമായ ഉത്തരം കിട്ടിയിട്ടില്ല. എല്ലാപേരും ചോദിച്ചിട്ടും. ഇത് ഗ്രാമസഭകളല്ല ചെയ്തത്. അന്ന് പഞ്ചായത്ത് ഭരണവുമായി ബന്ധമുണ്ടായിരുന്ന ഒരാളാണ് ഞാൻ. ഇത് ചെയ്തത് പഞ്ചായത്ത് കമ്മിറ്റികളാണ്. മെമ്പർമാരെ ചുമതലപ്പെടുത്തുകയായിരുന്നു. അവരുടെ വാർഡുകളിൽ ഇത്രപേർക്ക് വീതം കൊടുക്കാൻ ചുമതലപ്പെടുത്തി. ഇത് ഗ്രാമസഭകളല്ല ചെയ്തത്. ഗ്രാമസഭകൾ കൊടുക്കാൻ നിർദ്ദേശം കൊടുത്തതായി എനിക്ക് ഓർമ്മയില്ല. ഞാൻ അതിനകത്തുണ്ടായിരുന്ന ഒരാളാണ്. അപ്പോൾ എനിക്കും സഭയ്ക്കും അറിയേണ്ടത് ഈ ബി.പി.എൽ. ആളുകളെ കണ്ടുപിടിക്കാനും, യഥാർത്ഥമായ ബി.പി.എൽ.-ൽ

LIBRARY ARCHIVES Kerala Legislative Assembly

വരാത്തയാളുകളെ പുറത്താക്കി ഇത് ഒന്നുകൂടി പുനഃക്രമീകരിക്കാനും അതിന്റെ ഫലമായി നെയ്യാറ്റിൻകര മെമ്പറായ ശ്രീ. തമ്പാനൂർ രവി ചോദിച്ചപോലെ ഈ രാജ്യത്ത് അർഹതയുള്ള ബി.പി.എൽ.കാർക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന മുഴുവൻ ഭക്ഷ്യധാന്യങ്ങൾ കൊടുക്കാൻ കഴിയുന്ന ഒരു നേരായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ, അതാണ് ഞാൻ വ്യക്തമായ ഉത്തരം എന്നു പറഞ്ഞത്. അനർഹരെ ഒഴിവാക്കുക എണ്ണം കൂട്ടാൻ ഞാൻ പറയുന്നില്ല, അർഹരെ മാത്രം ഉൾപ്പെടുത്തി ഈ കാര്യം വീണ്ടും പുനഃപരിശോധിച്ച് യഥാർത്ഥമായി കിട്ടേണ്ടവർക്ക് കിട്ടേണ്ട മുഴുവൻ വിഹിതവും കിട്ടാനുള്ള ഏർപ്പാട് ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, 1994-95 വർഷത്തിൽ നിലവിലുണ്ടായിരുന്ന ബി.പി.എൽ. ലിസ്റ്റ്, targeted public distribution system നടപ്പിലാക്കിയപ്പോൾ അതേപടി അംഗീകരിക്കുകയായിരുന്നു. Targeted public distribution system-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച എണ്ണം ഏതാണ്ട് 25.45% മാത്രമായതിനാലും സംസ്ഥാനത്ത് അതിൽ കൂടുതൽ ബി.പി.എൽ. ഉണ്ടെന്ന നിലപാട് നമ്മൾ എടുത്തു. പക്ഷേ, അന്ന് ബാക്കിയുണ്ടായിരുന്ന ലിസ്റ്റിനേക്കാൾ 17% തന്നെ കുറവ് വന്നു. പഞ്ചായത്ത് സെക്രട്ടറിമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവരെല്ലാം കൂടി 17%-ത്തോളം പേരെക്കൂടി തെരഞ്ഞെടുത്ത് ചേർക്കുകയാണ് ചെയ്തത്. അങ്ങ് ചോദിച്ചത്, 35 കിലോ അരി എങ്ങനെ കൊടുക്കാൻ കഴിയുമെന്നുള്ളതാണ്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. അനർഹരായ കുറേപേരുകൾ ഉണ്ട്. വേർതിരിവില്ലാതെ തന്നെ അനർഹരായിട്ടുള്ള പല ആളുകളും ഈ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ട് എന്നുള്ളതുകൊണ്ട്, സംസ്ഥാന ഗവൺമെന്റ് ആഗ്രഹിക്കുന്നത് അപാകതകൾ പരിഹരിക്കപ്പെടണമെന്നാണ്. സാധാരണഗതിയിൽ നമ്മൾ വിശ്വാസത്തിലെടുക്കേണ്ടത് പഞ്ചായത്ത് സമിതികളെയും ഗ്രാമസഭകളെയുമൊക്കെയാണ്. അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് നമുക്ക് അപാകതകളില്ലാത്ത ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളിലേക്ക് പോകാൻ കഴിഞ്ഞാൽ നമുക്ക് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ 35 കിലോ തന്നെ കൊടുക്കാൻ കഴിയും. അതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമത്തിലേക്ക് ഗവണ്മെന്റ് പോകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, അങ്ങ് മന്ത്രിയായതിനുശേഷം ശബരി സ്റ്റോറുകൾ ആരംഭിക്കുകയും ഒരുപാട് ആളുകൾക്ക് കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. എന്റെ ചോദ്യമെന്നു പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ മേഖലയിൽ നാലുമാസമായി കാലവർഷം കോരിച്ചൊരിയുകയാണ്. ജനങ്ങളാണെങ്കിൽ രണ്ടാഴ്ചയായി പുറത്തിറങ്ങുന്നില്ല, അവർക്ക് ജോലിക്ക് പോകാൻ കഴിയുന്നില്ല. അതുകൊണ്ട് സംസ്ഥാനത്തെ എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും,- അതോടൊപ്പംതന്നെ ആദിവാസി മേഖലയിൽ പ്രഖ്യാപിച്ച സൗജന്യ റേഷൻ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടില്ല—സൗജന്യമായി ഒരാഴ്ചയെങ്കിലും റേഷൻ വിതരണം ചെയ്യാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പറഞ്ഞത് ക്യാബിനറ്റിൽ തീരുമാനമെടുക്കേണ്ട കാര്യമാണ്. ഇന്ന് തോട്ടം മേഖലയിലും മറ്റും സൗജന്യ റേഷൻ നൽകുന്നുണ്ട്. ആദിവാസികൾക്കും സൗജന്യറേഷൻ നൽകുന്നുണ്ട്. മൊത്തത്തിൽ നൽകണമോയെന്ന കാര്യം ക്യാബിനറ്റ് കൂടി തീരുമാനിക്കേണ്ടതാണ്.

ഡോ. തോമസ് ഐസക്: സർ, കേന്ദ്രസർക്കാർ വരുത്തിയിരിക്കുന്ന മാറ്റങ്ങളുടെ ഫലമായിട്ട് കേരളത്തിലെ പൊതുവിതരണ ശൃംഖലയിൽനിന്ന് വിൽക്കപ്പെടുന്ന അരിയുടെയും ഗോതമ്പിന്റെയുമെല്ലാം തോത് ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. അത് എ.പി.എൽ.-ന് സബ്സിഡി കുറഞ്ഞതിന്റെ ഫലമായി വാങ്ങാത്തതാണെന്ന് പറയുന്നുണ്ട്. എന്നാൽ ബി.പി.എൽ. കാർഡുടമകൾ തന്നെ അവർക്ക് അർഹതപ്പെട്ട അരിയും ഗോതമ്പും വാങ്ങിക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും എത്ര ശതമാനമാണ് ഇന്ന് വിൽക്കപ്പെടുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നമ്മൾ കൊടുക്കുമ്പോൾ ഓരോ കുടുംബവും എത്രമാത്രം അരി വാങ്ങി എന്നുള്ള പരിശോധന കൃത്യമായി നടത്തേണ്ട കാര്യമില്ല. പക്ഷേ, ലഭ്യമായിക്കൊണ്ടിരിക്കുന്ന കണക്കുകൾ അനുസരിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എല്ലാ ആളുകളും അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങൾ വാങ്ങിക്കുന്നുണ്ട്. പക്ഷേ, എ.പി.എൽ.-ന്റെ കാര്യം പറഞ്ഞത് പ്രധാനപ്പെട്ടതാണ്. എ.പി.എൽ.-ൽപ്പെട്ട ഏതാണ്ട് ഒന്നോ രണ്ടോ ശതമാനം മാത്രമേ off take ഇപ്പോൾ കേരളത്തിലുള്ളൂ എന്നുകൂടി അങ്ങയെ അറിയിക്കുകയാണ്.

ഹെർബൽ ബയോവാലി

*2 [393] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
„ *വി. ജെ. പൗലോസ്:*
„ *ജി. കാർത്തികേയൻ:*
„ *എം. മുരളി:*
„ *ജോർജ് ജെ. മാത്യു:* താഴെ കാ ാദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് ഹെർബൽ ബയോവാലി സ്ഥ നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly